# ഈ മരുയാത്രയിൽ

ഈ മരുയാത്രയിൽ യേശുനാഥൻ മാറിൽ
ചേർന്നു നടക്കുകിലെന്താനന്ദം
എത്ര ഭാഗ്യം എത്ര യോഗ്യം
ഈ മരുയാത്രയിലെന്താനന്ദം

ഇന്നേക്കും നാളേക്കും വേണ്ടതെന്താണെന്ന്
ചിന്തിച്ചുഴലേണ്ടാ സർവ്വശക്തനുണ്ട്
വേണ്ടതെല്ലാമവൻ കരുതിക്കൊള്ളും .. ഈ മരു

നിന്റെ വിചാരംകൊണ്ട് നിന്റെ നീളത്തോട്
ഒരു മുഴം കൂട്ടാൻ കഴിയില്ലെങ്കിലോ
ഭാരമെല്ലാം അവൻമേലിടുക ... ഈ മരു

രാത്രി മുഴുവനും അദ്ധ്വാനിച്ചെന്നിട്ടും
ഒന്നും ലഭിച്ചില്ലേ ഭാരപ്പെടേണ്ട നീ
വലിയ മീൻകൂട്ടം കരുതുമവൻ .... ഈ മരു

നീ തളരുന്നേരം നിനക്കായിട്ടവൻ
കനലിന്മേൽ ചുട്ട അപ്പവും മീനുമായ്
കാത്തിരിക്കുന്നതു കാണുന്നില്ലേ ... ഈ മരു

സ്വന്തമായതു വിട്ട് തന്നെ പിൻ ചെല്ലുകിൽ
ഈ ലോകത്തിൽ പല മടങ്ങായും പിന്നെ
നിത്യ ജീവനുമവൻ നൽകുകില്ലേ . ഈ മരു

---------------------------------------------------